# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5419 — 01.07.2014-ൽ മറുപടിക്ക്

## നിർമ്മിതിയെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് ;<br>ശ്രീ. സണ്ണി ജോസഫ് ;<br>ശ്രീ. ബെന്നി ബെഹനാൻ ;<br>ശ്രീ. അൻവർ സാദത്ത് ; | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സാധാരണ ജനങ്ങൾക്ക് ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉതകത്തക്ക വിധം നിർമ്മിതിയെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; | (എ) | നിലവിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്ക് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഫീസുകളിൽ നിന്നും സേവനങ്ങൾ നൽകി വരുന്നുണ്ട്. എന്നിരുന്നാലും എല്ലാ സേവനങ്ങളും ലഭിക്കുന്ന കേന്ദ്രങ്ങളായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ എല്ലാ കേന്ദ്രങ്ങളും മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ എല്ലാ കേന്ദ്രങ്ങളിൽ നിന്നും എല്ലാവിധ സേവനങ്ങളും ലഭിക്കുക വഴി ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ ഒഴിവാക്കുക എന്നതാണ് ലക്ഷ്യം. രൂപകല്പന |

മുതൽ, പൊതു വിപണിയിലേക്കാൾ കുറഞ്ഞ വിലയ്ക്ക് നിർമ്മാണ വസ്തുക്കളുടെ ലഭ്യത, നിർമ്മാണത്തിന്റെ മേൽനോട്ടം, നിർമ്മാണ തൊഴിലാളികളുടെ ലഭ്യത എന്നിവ എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഉറപ്പാക്കുക വഴി എല്ലാ കേന്ദ്രങ്ങളേയും മാതൃകാ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) ഇതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കാമോ ;

(സി) നിലവിൽ പൊതുജനങ്ങൾക്ക് പ്രധാന മായും താഴെപ്പറയുന്ന സേവനങ്ങൾ നിർമ്മിതിയിൽ നിന്നും ലഭിച്ചു വരുന്നു.

1. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിന് എല്ലാ കേന്ദ്രങ്ങളിലും ഹൗസിംഗ് ഗൈഡൻസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

2. റീജിയണൽ കേന്ദ്രങ്ങൾ വഴി രൂപകല്പന, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്ത് നടത്തി വരുന്നു.

3. കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു.

4. കമ്പി, സിമന്റ് എന്നിവ കലവറ വഴി സൗജന്യ നിരക്കിൽ നൽകി വരുന്നുണ്ട്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

(ഡി) ഓരോ വർഷവും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയും അല്ലാതെയും നിലവിലുള്ള

കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ നടപ്പിലാക്കുന്നതു വഴി ചുരുങ്ങിയ കാലയളവിനുള്ളിൽ എല്ലാ കേന്ദ്രങ്ങളേയും മാതൃകാ കേന്ദ്രങ്ങളായി മാറ്റുവാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ